# വാർത്ത

29-04-2009

## 2010 – ലെ സിവിൽ സർവീസസ് പരീക്ഷാ പരിശീലനം

*കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയ്നിംഗ് സൊസൈറ്റിയിൽ, യു.പി.എസ്.സി 2010–ൽ നടത്തുന്ന സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷയ്ക്കും ഒക്ടോബർ/നവംബറിൽ നടത്തുന്ന മെയിൻ പരീക്ഷയ്ക്കും പട്ടികജാതി/പട്ടികവർഗ/ഇതര വിഭാഗത്തിൽപ്പെട്ട 30 പേർക്ക് സൗജന്യ പരിശീലനം നൽകുന്നു. 30 സീറ്റുകളിൽ 60% പട്ടികജാതിക്കും 30% പട്ടിവർഗത്തിനും 10% മറ്റ് ഇതര വിഭാഗങ്ങൾക്കുമായി സംവരണം ചെയ്തിരിക്കുന്നു. 10% പട്ടികജാതി സീറ്റുകൾ സംസ്ഥാനത്തിനു പുറത്തുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. പട്ടികവർഗ അപേക്ഷകരുടെ അഭാവത്തിൽ ടി സീറ്റുകൾ പട്ടികജാതി വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്. ഇതര വിഭാഗത്തിൽപ്പെട്ട 3 സീറ്റുകളിൽ 1 എണ്ണം മറ്റർഹ വിഭാഗത്തിനും 1 എണ്ണം മറ്റു പിന്നോക്ക വിഭാഗത്തിനും (നോൺ ക്രീമിലെയർ) 1 എണ്ണം ജനറൽ വിഭാഗത്തിനും (കെ.പി.സി.ആർ. അടിസ്ഥാനം) ഉള്ളതാണ്. പ്രവേശനത്തിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദമാണ്. ഡിഗ്രി അവസാനവർഷ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. ഇന്റർവ്യൂന് ഡിഗ്രി സർട്ടിഫിക്കറ്റ് (അസൽ) ഹാജരാക്കേതാണ്.*

***പ്രായപരിധി:*** *പട്ടികജാതി/പട്ടികവർഗക്കാർക്ക് 01-08-2009 ന് 21 നും 35 നും ഇടയിലും മറ്റു പിന്നോക്ക വിഭാഗക്കാർക്ക് 01-08-2009 ന് 21 നും 33 നും ഇടയിലും മറ്റു ഇതര ജാതിക്കാർക്ക് 01-08-2009 ന് 21 നും 30 നും ഇടയിലും ആയിരിക്കണം. അപേക്ഷയോടൊപ്പം ജാതി, പ്രായം, വിദ്യാഭ്യാസ യോഗ്യത, മറ്റു വിഭാഗത്തിലുള്ളവർ വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അയയ്ക്കേതാണ്. പ്രവേശന പരീക്ഷയുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം ലഭിക്കുന്നത്.*

***പ്രവേശന പരീക്ഷ:*** *പൊതുവിജ്ഞാനം യു.പി.എസ്.സി സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷ മോഡലിൽ ആയിരിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 30-05-2009 ആണ്. അപേക്ഷ അയയ്ക്കേ മേൽവിലാസം പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയ്നിംഗ് സൊസൈറ്റി. ഐ.എൽ.എം. ബിൽഡിംഗ്, പി.റ്റി.പി. നഗർ, തിരുവനന്തപുരം – 695038 (ഫോൺ – 0471 2360272). പ്രവേശന പരീക്ഷ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പാലക്കാട്, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ എക്സാമിനേഷൻ ട്രെയ്നിംഗ് സെന്ററുകളിൽ വെച്ച് ജൂൺ മാസത്തിൽ നടത്തുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി പട്ടികവർഗ പരിശീലനാർത്ഥികൾക്ക് സൗജന്യതാമസം, പ്രതിമാസം 900/ രൂപ മെസ് അലവൻസ്, പ്രതിമാസം 250/ രൂപ പോക്കറ്റ് മണി, പ്രതിവർഷം 2000 രൂപ ബുക്ക് അലവൻസ് തുടങ്ങിയവ നൽകുന്നതാണ്.*

*ഈ സ്ഥാപനത്തിൽ നിന്നും ഇതേ ആവശ്യത്തിന് ഒരിക്കൽ പരിശീലനം നേടിയിട്ടുള്ളവർ അപേക്ഷിക്കേതില്ല. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ സംസ്ഥാനങ്ങളിലെ പട്ടിജാതിക്കാർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷാ ഫാറം ഇൻസ്റ്റ്യൂട്ടിന്റെ വെബ് സൈറ്റായ www.icsets.org ൽ ലഭ്യമാണ്.*

*പ്രിൻസിപ്പാൾ*